QP CODE: 22100661

22100661

Reg No : ....................

Name : ....................

**UNDER GRADUATE ( CBCS ) REGULAR / REAPPEARANCE EXAMINATIONS, APRIL 2022**

**Third Semester**

**Common Course - ML3CCT03 - മലയാളം - ദൃശ്യകലാ സാഹിത്യം**

(Common for all Model I B.A/B.Sc Programmes)

2017 Admission Only

7B627DC4

Time: 3 Hours

Max. Marks : 80

**Part A**

*Answer any **ten** questions.*

*Each question carries **2** marks.*

1. ഇംഗ്ലീഷിൽ നിന്ന് പരിഭാഷപ്പെടുത്തിയിട്ടുള്ള പ്രധാന നാടകങ്ങൾ ഏതെല്ലാം ?
2. "ആശാബന്ധം വിരഹക്ലേശം
വലുതല്ലെങ്കിലും പൊറുപ്പിക്കും"-സന്ദർഭം വിശദീകരിക്കുക.
3. 'പോരു കൊണ്ടിനിയുമെന്തു ഫലം ' - ആരുടെ വാക്കുകൾ ? സൂചനയെന്ത് ?
4. കഥകളിയുടെ ചടങ്ങുകൾ എന്തെല്ലാം ?
5. ' ഖേദമരുതു തേ പറന്നിച്ഛയെക്കാത്ത വഴി ഗച്ഛ നീ " - ആരുടെ വാക്കുകൾ ? സന്ദർഭമേത് ?
6. " മിന്നൽക്കൊടി ഇറങ്ങി വരികയോ
വിധുമണ്ഡലമിറങ്ങി ക്ഷിതിയിലേ പോരികയോ " - സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.
7. തുള്ളൽ പ്രസ്ഥാനത്തിന്റെ ഉത്ഭവം സംബന്ധിച്ച ഐതിഹ്യമെന്ത്?
8. കല്യാണസൗഗന്ധികം തുള്ളലിലെ കാട്ടാള വർണ്ണന എപ്രകാരമാണ്?
9. ബർട്ടോൾഡ് ബ്രഹ്തിന്റെ അന്യവത്കരണസിദ്ധാന്തം പരിചയപ്പെടുത്തുക.
10. ' ഞാനുണ്ടാക്കിയ പാവകൾ എന്നോടു കയർത്തു തുടങ്ങിയോ ? '- ആരുടെ വാക്കുകൾ? ആശയമെന്ത് ?
11. ഫാൽക്കെ ഉണർത്തി വിട്ട നിശബ്ദ സിനിമാതരംഗം തെക്കേ ഇന്ത്യൻസിനിമകളെ സ്വാധീനിച്ചത് എപ്രകാരമായിരുന്നു ?

12. മലയാളസിനിമയിലെ ആദ്യകാല സ്വതന്ത്രസിനിമകൾ- കുറിപ്പെഴുതുക.

(10×2=20)

**Part B**

*Answer any **six** questions.*

*Each question carries **5** marks.*

13. "അനസൂയാ പ്രിയംവദാദികൾക്ക് ശകുന്തളയോടുള്ള സ്നേഹം പ്രകടമാകുന്നത് നാലാമങ്കത്തിലാണ് "-വിശദമാക്കുക.

14. കഥകളിയുടെ ഉത്ഭവത്തെ സംബന്ധിച്ച ഐതിഹ്യങ്ങൾ ഏവ?

15. "എന്നെ ചതിച്ചുകൊല്ലുന്നിതു രാജേന്ദ്രൻ"- ആരുടെ രോദനമാണിത്? അതിനുള്ള കാരണമെന്ത്?

16. തുള്ളൽ കലാരൂപത്തിന്റെ ഉദ്ഭവത്തെക്കുറിച്ചുള്ള ഐതിഹ്യം ചുരുക്കി പ്രതിപാദിക്കുക .

17. കല്യാണസൗഗന്ധികം തുള്ളലിൽ നമ്പ്യാരുടെ സാമൂഹിക വിമർശനം പ്രകടമാകുന്നതെങ്ങനെ?

18. നിലനിൽക്കുന്ന നിയമവ്യവസ്ഥയെ ക്രൈം നാടകം പ്രശ്നവത്കരിക്കുന്നുണ്ടോ? - വിലയിരുത്തുക

19. പത്രമാഫീസിലെ സംഭവങ്ങളിലൂടെ നാടകകൃത്ത് അവതരിപ്പിക്കുന്ന സാമൂഹികവിമർശനമെന്ത്?

20. ചലച്ചിത്ര വീരഗാഥകളുടെ സാംസ്കാരിക രാഷ്ട്രീയമെന്തായിരുന്നു?

21. മലയാള സിനിമാചരിത്രത്തിലെ ശക്തമായ സ്ത്രീപക്ഷസിനിമയാണ് '22 ഫീമെയിൽ കോട്ടയം' - വിലയിരുത്തുക.

(6×5=30)

**Part C**

*Answer any **two** questions.*

*Each question carries **15** marks.*

22. ഭാസൻറെ വർണ്ണനാപാടവം ഊരുഭംഗത്തെ ആധാരമാക്കി വിശദീകരിക്കുക.

23. ആട്ടക്കഥകളിൽ നളചരിതം ആട്ടക്കഥയ്ക്കുള്ള സ്ഥാനം എന്ത്?

24. കുഞ്ചൻ നമ്പ്യാരുടെ സാമൂഹികവിമർശനം, വർണ്ണനാപാടവം, ഹാസ്യചാതുരി എന്നിവയെ അടിസ്ഥാനമാക്കി കല്യാണസൗഗന്ധികം തുള്ളലിനെ വിലയിരുത്തുക.

25. ക്രൈം നാടകത്തിലെ കഥാപാത്രങ്ങളെ വിമർശനാത്മകമായി വിലയിരുത്തുക.

(2×15=30)